പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3637 — 10.4.2013 ൽ മറുപടിയ്ക്ക്

മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് നൽകി വരുന്ന സഹായങ്ങൾ

ചോദ്യം
ശ്രീ.എസ്.ശർമ്മ

മറുപടി
ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| (എ) മാനസിക - ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) <u>വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർ ഷിപ്പ്</u><br><br>ഒന്നാം സ്റ്റാൻഡേർഡ് മുതൽ ബിരുദാനന്തര ബിരുദം വരെ പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന സ്കോളർഷിപ്പ് നൽകി വരുന്നു. വാർഷിക വരുമാനം 36000/-രൂപയിൽ കവിയാത്തവരും മുൻവാർഷിക പരീക്ഷയിൽ 40% ൽ കുറയാതെ മാർക്ക് ലഭിച്ചവരുമായ വികലാംഗ വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അർഹരാണ്.<br><u>വികലാംഗ പെൻഷൻ</u><br>80% ന് മേൽ വൈകല്യമുള്ളവർക്ക് 700 രൂപയും മറ്റുള്ളവർക്ക് 525 രൂപയും വികലാംഗ പെൻഷൻ നൽകി വരുന്നു.<br><u>അന്ധരും അസ്ഥിസംബന്ധമായ വൈകല്യമുള്ള അഭിഭാഷകർക്കുള്ള ധനസഹായം</u><br>കുടുംബ വാർഷിക വരുമാനം പ്രതിമാസം 18000/- രൂപയിൽ കവിയാത്ത അന്ധരായ അഭിഭാഷകർക്കും അസ്ഥിസംബന്ധമായ വൈകല്യമുള്ള അഭിഭാഷകർക്കും വകുപ്പ് ധനസഹായം നൽകി വരുന്നു. അന്ധരായ അഭിഭാഷകർക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ പരമാവധി 5 വർഷത്തേയ്ക്ക് റീഡേഴ്സ് അലവൻസും, നിയമ പുസ്തകം, സ്യൂട്ട് എന്നിവ വാങ്ങുന്നതിന് ഒരിക്കൽ മാത്രം 2500/- രൂപയും നൽകി വരുന്നു.<br><u>ഇന്റർവ്യൂ, എഴുത്തു പരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്ന വികലാംഗർക്കുള്ള യാത്രാബത്ത</u><br><br>കുടുംബ വാർഷിക വരുമാനം 10000/- രൂപയിൽ കവിയാത്ത വികലാംഗരായ ഉദ്യോഗാർത്ഥികൾ എഴുത്തു പരീക്ഷയ്ക്കും ഇന്റർവ്യൂവിനും പങ്കെടുക്കുവാൻ പോകുന്നതിന് റ്റി.എ/ഡി.എ എന്നിവ വകുപ്പ് അനുവദിച്ചു വരുന്നു.<br><u>NGO നടത്തുന്ന വികലാംഗ പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് നൽകേണ്ട ഗ്രാന്റ്</u><br>സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ഒരു അന്തേവാസിക്ക് പ്രതിമാസം 150/- രൂപ ധനസഹായം അനുവദിച്ചു വരുന്നു.<br><u>വികലാംഗർക്കുള്ള സ്ഥാപനങ്ങൾക്കുള്ള PWD രജിസ്ട്രേഷൻ</u><br>വികലാംഗരായ വ്യക്തികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 1995 ലെ Persons with disabilities(Equa opportunities, Protection of Right and Full Participation Act ലെ സെക്ഷൻ 52 പ്രകാരം വകുപ്പ് രജിസ്ട്രേഷൻ നൽകി വരുന്നു. |

ആശ്വാസ കിരണം(തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവർക്കുള്ള ധനസഹായം)

ശയ്യാവലംബരായ രോഗികൾ ഉള്ള കുടുംബങ്ങളിൽ രോഗികളെ പരിചരിക്കുന്നവർക്ക് പ്രതിമാസം 400/- രൂപ വീതം ധനസഹായം നൽകുന്നു. ഈ സ്കീം സാമൂഹ്യ സുരക്ഷാ മിഷൻ വഴിയാണ് നടപ്പിലാക്കുന്നത്.

I.A.P.C(ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ)

നട്ടെല്ലിന് ക്ഷതം സംഭവിച്ച് ശയ്യാവലംബരായിട്ടുള്ളവർക്ക് തൊഴിൽ പഠിപ്പിച്ച് പരസഹായം കൂടാതെ ജീവിക്കുവാൻ പ്രാപ്തരാക്കുന്നതിനു വേണ്ടി കേരളത്തിലെ 5 ജില്ലകളിൽ(മലപ്പുറം, വയനാട്, കോഴിക്കോട്, എറണാകുളം & ഇടുക്കി) നടത്തി വരുന്ന പദ്ധതി. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് തൃശ്ശൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന I.A.P.C യെയാണ്.

വികലാംഗ തിരിച്ചറിയൽ കാർഡ്

സംസ്ഥാനത്തെ മുഴുവൻ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും കേരള സോഷ്യൽ സെക്യൂരിറ്റി മിഷനുമായി ചേർന്ന് ഫോട്ടോ പതിച്ച് ലാമിനേറ്റ് ചെയ്ത ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്തുവരുന്നു. പ്രസ്തുത തിരിച്ചറിയൽ കാർഡിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ കുറിച്ചുള്ള എല്ലാ വിവരങ്ങളും ഉണ്ടായിരിക്കും.

വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായം

ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായമായി 5000/- രൂപ നൽകി വരുന്നു.

വിവാഹ ധനസഹായം

ശാരീരിക വെല്ലുവിളി നേരിടുന്ന പെൺകുട്ടികൾക്കും ശാരീരിക വെല്ലുവിളികൾ നേരിടുന്ന മാതാപിതാക്കളുടെ പെൺമക്കൾക്കും ഉള്ള വിവാഹ ധനസഹായമായി 10000/- രൂപ നൽകി വരുന്നു.

വികലാംഗർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

പതിനാറ് വയസ്സിനുമേൽ പ്രായമുള്ള യുവജനങ്ങൾക്ക് ബുക്ക് ബയന്റിംഗ്, ടെയിലറിംഗ് , എംബ്രോയിഡറി, കമ്പ്യൂട്ടർ എന്നിവയിൽ തൊഴിൽ പരിശീലനം നൽകുന്നു.

കോക്ലിയർ ഇംപ്ലാന്റേഷൻ

ബാല്യത്തിൽ തന്നെ കുട്ടികളുടെ ശ്രവണ വൈകല്യം തിരിച്ചറിഞ്ഞാൽ അവരെ പുനരധിവസിപ്പിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമാണ് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ. ഒരു വയസ്സിനും മൂന്ന് വയസ്സിനും ഇടയിൽ ശ്രവണ വൈകല്യമുള്ള കുട്ടികളിൽ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ വഴി ശ്രവണശേഷി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതാണ് ഈ പദ്ധതി. 6 ലക്ഷം രൂപയോളം ചെലവ് വരുന്ന ഈ ശസ്ത്രക്രിയ സൗജന്യമായി നൽകി വരുന്നു.

എൻഡോ സൾഫാൻ ദുരിത ബാധിതർക്കുള്ള സമഗ്ര പാക്കേജ്

കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ മൂലം ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസ നടപടികൾ കൈക്കൊള്ളുന്നതിനായുള്ള ഒരു പദ്ധതിയാണിത്. ഇവരുടെ ക്ഷേമത്തിനായി പ്രതിമാസം ധനസഹായം, വിദ്യാഭ്യാസ ധനസഹായം, ചികിത്സാ സഹായം തുടങ്ങിയ ക്ഷേമ പദ്ധതികൾ ' സ്നേഹ സാന്ത്വനം ' എന്ന പേരിൽ കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തിരം നടപ്പിലാക്കി വരുന്നു.

വികലാംഗ നിയമനം

പി.ഡബ്ല്യൂ.ഡി ആക്ട് 1995 പ്രകാരം പി.എസ്.സി മുഖേനയുള്ള നിയമനങ്ങളിൽ 3% സംവരണം അംഗപരിമിതർക്ക് നൽകി വരുന്നു.

| | |
|---|---|
| | <u>വികലാംഗർക്കു വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ</u><br>അംഗപരിമിതരെ സംരക്ഷിക്കുന്നതിനായി സംരക്ഷണ ഭവനങ്ങൾ പ്രവർത്തിച്ചു വരുന്നു.<br><u>മാനസിക രോഗികളെ പുനരധിവസിപ്പിക്കുന്ന NGO's നു നൽകുന്ന ധനസഹായം</u><br>മാനസിക രോഗികളെ പുനരധിവസിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് മാനസിക സാമൂഹിക പുനരധിവാസ കേന്ദ്രങ്ങളുടെ കേരള ചട്ടങ്ങൾ 2012 പ്രകാരം രജിസ്ട്രേഷൻ നൽകുകയും ടി സ്ഥാപനങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുകയും ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന താഴെ പറയുന്ന സഹായങ്ങൾ ലഭ്യമാക്കുന്നു.<br>1. അംഗവൈകല്യമുള്ളവർക്ക് സൗജന്യമായി വിവിധതരം സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നു.<br>2. സബ്സിഡിയോടുകൂടി ബാങ്ക് ലോൺ നൽകുന്നു.<br>3. മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങുന്നവർക്ക് സൈഡ് വീൽ ഫിറ്റുചെയ്യുന്നതിനുള്ള ധനസഹായമായി 10000/- രൂപ നൽകുന്നു.<br>4. എസ്.എസ്.എൽ.സി, പ്ലസ് 2 പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.<br>5. തികച്ചും അംഗവൈകല്യമുള്ള എട്ടു വയസ്സുവരെയുള്ള പെൺകുട്ടികൾക്ക്20,000/- രൂപയും ആൺകുട്ടികൾക്ക് 15000/- സ്ഥിര നിക്ഷേപം നൽകുന്ന പദ്ധതി.<br>6. ലോട്ടറി ഏജന്റുമാരായ വികലാംഗർക്ക് 5000/- രൂപ ഒറ്റത്തവണ ധനസഹായം<br>7. വികലാംഗരുടെ സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം<br>8. കുറഞ്ഞ പലിശ നിരക്കിൽ എൻ.എച്ച്.എഫ്.ഡി.സി യുടെ സ്വയം തൊഴിൽ വായ്പാ പദ്ധതി |
| (ബി)ഈ വിഭാഗത്തിൽപ്പെട്ട വർക്ക് തൊഴിൽ പരമായ ആവശ്യത്തിന് ധനസഹായം നൽകുന്നുണ്ടെങ്കിൽ എത്ര രൂപ വീതമെന്നും ഇത്തരത്തിൽ എത്ര അപേക്ഷകൾ വൈപ്പിൻ മണ്ഡല ത്തിൽ നിന്നും ലഭിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) കോർപ്പറേഷൻ ശുപാർശ ചെയ്യുന്ന ബാങ്ക് ലോണിന് 5000/- രൂപ മുതൽ 1,00,000 /-രൂപ വരെ സബ്സിഡി നൽകുന്നു.എൻ.എച്ച്.എഫ്.ഡി. സി വായ്പകൾ, ജാമ്യ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ അപേക്ഷകർ നൽകുന്ന പ്രൊപ്പോസൽ പ്രകാരം ലോൺ തുക 5,00,000/-രൂപ വരെ അനുവദിച്ചു വരുന്നു. വികലാംഗക്ഷേമ കോർപ്പറേഷൻ നിയോജകമണ്ഡലം വേർതിരിച്ച് ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നില്ല. അതിനാൽ നിയോജക മണ്ഡല അടിസ്ഥാനത്തിൽ കണക്കുകൾ ലഭ്യമല്ല. |
| (സി)ശാരീരിക വൈകല്യമുള്ള വർക്ക് മുച്ചക്ര വാഹനം നൽകുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കു ന്നുണ്ടോ; എങ്കിൽ വിശദമാ ക്കാമോ; വൈപ്പിൻ മണ്ഡലത്തിൽ ഈ വിഭാഗത്തിൽപ്പെട്ട എത്ര അപേക്ഷ ലഭിച്ചുവെന്നും, സ്വീകരിച്ച നടപടി എന്തെന്നും വ്യക്തമാക്കാമോ? | (സി)ശാരീരിക വൈകല്യമുള്ളവർക്ക് കൈകൊണ്ട് പ്രവർത്തിപ്പിക്കുന്ന മുച്ചക്ര വാഹനം സൗജന്യമായി നൽകുന്ന പദ്ധതി കോർപ്പറേഷനിൽ നിലവിലുണ്ട്. ആവശ്യപ്പെട്ട എല്ലാവർക്കും അത്തരം വാഹനം നൽകിയിട്ടുണ്ട്. നിയോജക മണ്ഡലം വേർതിരിച്ച് ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നില്ല. |

Abijalu(?) [signature]

സെക്ഷൻ ഓഫീസർ